ഫാസ്റ്റ് ട്രാക്ക് കോടതികൾ അനുവദിക്കാനുള്ള മാനദണ്ഡങ്ങൾ

75 (3029) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫാസ്റ്റ് ട്രാക്ക് കോടതികൾ അനുവദിക്കാനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ;

(ബി) പുതിയതായി മജിസ്ട്രേട്ട് കോടതികളും മുൻസിഫ് കോടതികളും ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) മജിസ്ട്രേട്ട്-മുൻസിഫ് കോടതികൾ അനുവദിക്കുന്നത് സംബന്ധിച്ച് ഹൈക്കോടതി അംഗീകരിച്ച മുൻഗണനാ ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) പതിനൊന്നാം ധനകാര്യ കമ്മീഷന്റെ ശുപാർശയനുസരിച്ച് കെട്ടിക്കിടക്കുന്ന കേസുകൾ വേഗത്തിൽ തീർപ്പാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ഫാസ്റ്റ് ട്രാക്ക് കോടതികൾ ആരംഭിച്ചിട്ടുള്ളത്.

(ബി) പുതിയതായി മുൻസിഫ്/മജിസ്ട്രേട്ട് കോടതികൾ ആരംഭിക്കാനുള്ള നിർദ്ദേശം തത്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

(സി) അനുബന്ധമായി ചേർത്തിട്ടുണ്ട്†.

എല്ലാ ജില്ലകളിലും കുടുംബകോടതികൾ ആരംഭിക്കാൻ നടപടി

76 (3030) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1984-ലെ കുടുംബകോടതി നിയമപ്രകാരം എല്ലാ ജില്ലകളിലും കുടുംബകോടതികൾ ആരംഭിക്കുവാൻ കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായം ലഭ്യമായിട്ടുണ്ടോ ;

(ബി) ഇതുപ്രകാരം സംസ്ഥാനത്ത് എത്ര ജില്ലകളിൽ കുടുംബകോടതികൾ ആരംഭിച്ചിട്ടുണ്ട് ; അവ ഏതെല്ലാം ജില്ലകളിലാണെന്ന് പറയാമോ ;

(സി) ശേഷിക്കുന്ന ജില്ലകളിൽ കുടുംബകോടതികൾ ആരംഭിക്കുവാൻ എന്ത് തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല. എന്നാൽ തിരുവല്ല, കണ്ണൂർ എന്നിവിടങ്ങളിൽ ആരംഭിച്ച കുടുംബകോടതികൾക്ക് ധനസഹായം ലഭിച്ചിട്ടുണ്ട്.

---

† അനുബന്ധം IX

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്ത് ഇപ്പോൾ 9 ജില്ലകളിൽ കുടുംബകോടതികൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്†.

(സി) ശേഷിക്കുന്ന 5 ജില്ലകളിൽ കുടുംബകോടതികൾ ആരംഭിക്കുവാനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്.

തലശ്ശേരിയിൽ കുടുംബകോടതിയുടെ സിറ്റിംഗ് സംവിധാനം

77 (3031) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂരിൽ കുടുംബകോടതി സ്ഥാപിച്ചതിനുശേഷം എത്ര കേസുകൾ ഫയൽ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) തലശ്ശേരിയിൽ കുടുംബകോടതിയുടെ സിറ്റിംഗ് സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കണ്ണൂരിൽ കുടുംബകോടതി 7-6-2003-ൽ പ്രവർത്തനമാരംഭിച്ചു. 30-6-2003 വരെ 583 കേസുകൾ കോടതിയുടെ പരിഗണനയിലുണ്ട്. (553 കേസുകൾ ട്രാൻസ്ഫർ മുഖേന ലഭിച്ചതും 30 കേസുകൾ പുതിയതായി ഫയൽ ചെയ്തിട്ടുള്ളതും)

(ബി) ഇക്കാര്യം ഹൈക്കോടതിയുടെ സജീവ പരിഗണനയിലാണ്.

കൊണ്ടോട്ടിയിൽ ഫയർസ്റ്റേഷൻ സ്ഥാപിക്കാൻ നടപടി

78 (3032) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കൊണ്ടോട്ടിയിൽ ഒരു ഫയർസ്റ്റേഷൻ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

സൗജന്യമായി സ്ഥലവും കെട്ടിടവും ലഭ്യമാകുന്ന 14 സ്ഥലങ്ങളിൽ (ഒരു ജില്ലയിൽ ഒന്നുവീതം) വരുന്ന മൂന്ന് വർഷത്തിനകം ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകൾ ആരംഭിക്കുവാനുള്ള മുൻഗണനാ ലിസ്റ്റ് തയ്യാറാക്കി സമർപ്പിക്കുവാൻ കമാന്റന്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

പെരിന്തൽമണ്ണയിലെ ഫയർ സ്റ്റേഷൻ

79 (3033) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാറിവരുന്ന സാഹചര്യങ്ങൾക്കനുസരിച്ച് കൂടുതൽ ഫയർ സ്റ്റേഷനുകൾ ആരംഭിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ ;

---

† അനുബന്ധം X

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
21	Mobile Court, Ernakulam	Ernakulam
22	Mobile Court, Thiruvananthapuram	Thiruvananthapuram
23	Mobile Court, Kollam	Kollam
24	Munsiff's Court, Thamarassery	Kozhikode
25	Munsiff's-Magistrate Court, Kothamangalam	Ernakulam
26	Sub Court, Punalur	Kollam
27	Munsiff's-Magistrate Court, Mallappally	Pathanamthitta
28	Munsiff-Magistrate Court, Kayamkulam	Alappuzha
29	Sub Court, Kalpetta	Kalpetta
30	Additional District and Sessions Court, Manjeri	Manjeri
31	Additional Sub Court, Tirur	Manjeri
32	Additional District and Sessions Court, Tirur	Manjeri
33	Additional First Class Magistrate Court, Changanasseri	Kottayam
34	Judicial First Class Magistrate Court, Vellarikundu	Kasargod

അനുബന്ധം X

[15-7-2003-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 76 (3030)-ന്റെ ഉത്തരം ദയവായി കാണുക]

1. തിരുവനന്തപുരം
2. കൊല്ലം
3. കോട്ടയം
4. തിരുവല്ല (പത്തനംതിട്ട)
5. എറണാകുളം
6. തൃശ്ശൂർ
7. മഞ്ചേരി (മലപ്പുറം)
8. കോഴിക്കോട്
9. കണ്ണൂർ (7-6-2003 മുതൽ)

LIBRARY ARCHIVES Kerala Legislative Assembly